Little KITEs

DIGITAL MAGAZINE 2k24

# Blooming Buds



# G G H S S BALUSSERY

# ആമുഖം

ആധുനിക സാങ്കേതികവിദ്യകൾ വികാസം പ്രാപിക്കുന്ന ഈ കാലത്ത് ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി എന്ന ഞങ്ങളുടെ വിദ്യാലയവും അതിനൊപ്പം ചുവടുവെയ്ക്കുകയാണ്.ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും കൈറ്റ് മാസ്റ്റേഴ്സിന്റെയും ശ്രമഫലമായി ഡിജിറ്റൽ മാഗസിൻ എന്ന ഞങ്ങളുടെ സ്വപ്നം ഇപ്പോൾ സാക്ഷാത്കാരത്തിന്റെ പാതയിലാണ്.ഇതിനവസരം ഒരുക്കിത്തന്ന പൊതുവിദ്യാഭ്യാസവകുപ്പിനും കൈറ്റിനും ഞങ്ങളുടെയും വിദ്യാലയത്തിന്റെയും പേരിൽ നന്ദി അർപ്പിക്കുന്നു.

നന്ദി,

ശ്രീജ വി (headmistress)
ധന്യ എൻ പി(kite mistress)
കവിത കെ(kite mistress)
അഭിലാഷ് ഒ കെ(SITC)

## Student Editor

*Anaitha Madhu MK*

## Type Setting

*Little Kite Members,GGHSS Balussery*

## Editorial Board

*Alakanandha P M*
*Anaitha Madhu M K*
*Anwaya T*
*Bhagya B S*
*Ganga G s*
*Haritha Jayan*
*Induja V S*
*Krishnendhu D S*
*Laiba Fathima O*
*Sriya S*

# പത്രാധിപക്കുറിപ്പ്

പ്രിയമുള്ളവരെ,

ജി .ജി .എച്ച്. എസ് .എസ്. ബാലുശ്ശേരി എന്ന ഞങ്ങളുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വീണ്ടുമൊരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ്.ഒരു മാഗസിൻ എന്ന കേൾക്കുമ്പോൾ കൈയെഴുത്തു രൂപത്തിലുള്ളതോ പ്രിന്റ് ചെയ്യപ്പെട്ടതോ ആയ ഒന്ന് എന്ന ആശയമായിരുന്നു നമ്മുടെ മനസ്സിലേക്ക് വരുക.ഇന്ന് ഡിജിറ്റൽ മാഗസിനുകളുടെ കാലമാണ്. ലിബർഓഫിസിലൂടെ കടന്ന് നാമിന്ന് സ്ക്രൈബസ് എന്ന സ്വാതന്ത്ര്യ സോഫ്റ്റ്‌വെയറിൽ എത്തിനിൽക്കുന്നു.

ഈ മാഗസിന്റെ ഭാഗമായി ഞങ്ങളുടെ കൂടെ പ്രവർത്തിച്ച എല്ലാവരെയും സ്മരിച്ചുകൊണ്ട് ഡിജിറ്റൽ ലോകത്തേക് ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരിയുടെ പേര് കൂടി കൂട്ടിച്ചേർ-ത്തുകൊണ്ടു ഞങ്ങൾ ഈ മാഗസിൻ പൂർത്തീകരിച്ചിരിക്കുന്നു.

-STUDENT EDITOR

# Our School





# Our Head Mistress



## SREEJA V

## IT LAB

## INNOVATION LAB





# LIBRARY





# ACHIEVEMENTS




















***Great achievement always requires great sacrifice.***



# താളുകളിലൂടെ........


| | | |
|---|---|---|
| Teacher | ......... | 12 |
| My Grandmother's House | .......... | 13 |
| Blue Flowers | .......... | 14 |
| Melodic Reverie | .......... | 15 |
| The Road Not Taken | .......... | 16 |
| അച്ഛൻ | .......... | 17 |
| QUOTES | ......... | 18 |
| MY EXPERIMENTS WITH TRUTH | ......... | 19 |
| KAMALA SOHONIE | .......... | 20 |
| KADUMBINI GANGULY | .......... | 21 |
| ANANDI GOPAL JOSHI | ......... | 22 |
| ASIMA CHATTERJEE | ......... | 23 |
| ANNA MANI | ......... | 24 |
| തേങ്ങലടങ്ങാതെ | ......... | 25 |
| ഊട്ടിയിലേക്കൊരു യാത്ര | .......... | 26 |
| BEST FRIENDS | .......... | 27 |
| എന്റെ കേരളം | .......... | 28 |
| വായനാദിന മഹത് വചനങ്ങൾ | ......... | 29 |
| പ്രണയനിലാവ് | ........ | 30 |
| മരണരാവ് | ........ | 31 |
| തീവ്രമായി ആഗ്രഹിക്കൂ അതും നേടാം | ......... | 32 |
| മഴവില്ലിൻവർണ്ണം | .......... | 33 |

| | | |
|---|---|---|
| സ്റ്റീഫൻ ഹോക്കിംഗ്സ് | ......... | 34 |
| ഫുട്ബോൾ | .......... | 35 |
| Wings of Fire | .......... | 36 |
| കവിത. | ........ | 37 |
| പൊലിഞ്ഞ ജീവനും പ്രതീക്ഷയും | .......... | 38 |
| Periodic Table | .......... | 39 |
| മെഴുകുതിരി | .......... | 40 |
| Students | .......... | 41 |
| നാലുകെട്ട് | .......... | 42 |
| ബാല്യകാലസഖി | .......... | 43 |
| Solve These. | ......... | 44 |
| തേന്മാവ് | .......... | 45 |
| മണ്ണിന്റെ തോഴൻ | .......... | 46 |
| Digital Painting | .......... | 47 |
| @ഊട്ടി | .......... | 48 |
| അച്ഛന്റെ മകൾ | .......... | 49 |
| Galileo Galilei | .......... | 50 |
| ഒരു മൂന്നാർ യാത്ര. | ......... | 51 |
| എന്റെ കേരളം | .......... | 52 |
| ദേശീയ ചിഹ്നങ്ങൾ | ......... | 53 |
| Millets a superfood or diet food | .......... | 54 |
| ഓർമ്മതൻ വഴിയിൻ | ........... | 55 |
| അനുഭവക്കുറിപ്പ് | .......... | 56 |
| ഹരിതചി(തം | .......... | 57 |
| മാഗസിൻ പ്രവർത്തനങ്ങൾ | .......... | 58 |



# TEACHER


In the classroom's heart, a beacon stands tall, guilding minds young , nurturing them all . With wisdom's voice and patience as her heart , she shapes the future , a teacher's noble part.

In her gentle gaze , dreams take flight , ingniting curiosity , dispelling the right . With knowledge's key , she unlocks each mind , a treasure trove of wonder , for all to find .

**- Anamithra S S**

**- 9C**

# "MY GRANDMOTHER'S HOUSE"



**'MY Grandmother's House' is a beautiful poem written by eminent writer Kamala Surayya or Kamala  Das. The poem My Grandmothe -r's House is filled with the golden memories of Kamala with her grandmother.**

**She is telling us that the person who gave her love died, an-d the house where Grandmother lived withdrew into silence. She was in dispair. She really wants that true love back. She lost her grandmother by the wheels of time. She is now wishing to travel back to exprience the love. Now, she is begging forlove, at strangers. Her grandmother died and her love is lost. So, Kamal a is asking us that would she recieve love atleast in small quantity.**

**The poem is flooded with many images, and other figure of speeches. Tactile image, visual image, auditary images etc are the examples for poetic devices in the poem."blood turned cold" is an instance of tactile image."listen to the frozen air" is an auditary image, and "house withraw into silence" is a visual image. These imaged made this poem attractive."bedroom like a brooding dog","blood turned cold lik moon" etc are the examples for simile. It is a poem which shows her loving memories that will make our eyes filled with tears. It is written in free verse, and it is an amazing poem for readers to enjoy and to recite. This poem made my mind to think of my grandmother and her loving memories.**

**-Devatheertha**
**-8D**

# BLUE FLOWERS

I got a flower
symbol of peace
It fell from the sky
upon the green carpet

I got a flower
From the depth of my dream
From the bottom of my soul
Poured me as raindrops

I forgot all my pains
looking all the sky
blue flowers laughed at me
I fell the pat of my mother

As I returned from my school
blue flowers soaked at me
my dress were wet
and it soothing my frayed mind
closing my eyes
I heard the music of raindrop
I ran home with hearing
the sound gargling.

- Ganga G S
-8A



# MELODIC REVERIE

**In silence, it whispers, a melody so pure,**

**Music, the language that words can't procure.**

**A symphony of emotions,a rhythm divine,**

**In its enchanting notes, our hearts entwine**

**.**

**With every beat,a story it tells,**

**Of joys, of sorrows, of farewells.**

**In its embrace, we find solace and peace,**

**A timeless refuge, where all troubles cease**

**-Devendu**
**-9C**

# The Road Not Taken

– Robert Frost



Two roads diverged in a yellow wood ,
And sorry I could not travel both
And be one traveler , long I stood
And looked down one as far as I could
To where it bent in the undergrowth.

Then took the other,as just as fair
And having perhaps the better claim,
Because it was grossy and wanted wear;
Though as for that the passing there
Had worn them really about the same.

And both that morning equally lay
In leaves no step had trodden black.
Oh,I kept the first for another day !
Yet knowing how way leads on to way,
doubted if I should ever come back.
I shall be telling this with a sigh
Somewhere age and ages hence :
Two roads diverged in a wood, and I-
I took the oneless traveled by,
And that has made all the difference.

- Anaitha Madhu MK
- 9D

# അച്ഛൻ



അമ്മയെന്ന മഹത്ത്വത്തെ സ്മരിക്കുമ്പോൾ
അച്ഛനെന്ന ഉജ്ജ്വലത്തെ മറക്കുന്നു നാം
അമ്മ ദേവിയാണെങ്കിൽ അച്ഛൻ ദേവ –
നാണെന്നു മറക്കുന്നു നാം
അമ്മയെപ്പോലെ അച്ഛനും ദേവനും ആചാ –
ര്യന്റെ ആചാര്യനും കൊമ്പനെ മേയ്ക്കും
പാപ്പനുമാണ്.
ഒരായിസ്സു മുഴുവൻ തൻ ബന്ധുത്ത്വത്തിനായി
ജീവിക്കുന്നനാണാരോ പിതാവും.
തൻ മാതൃപിതൃത്തിൻ കാവൽക്കാരനും പത്നിൻ
പകുതിയും മക്കളിൽ മാതൃകയുമാണെൻ അച്ഛൻ.
അത്യഘട്ടത്തിൽ ത്യാഗത്തിനു മടിക്കാത്ത-
വനുമാണെൻ പിതാവ്.
അൽ വിവേകിയും ശാന്തനോ തിളങ്ങും രക്തവുമാ –
ണെൻ പിതൃത്ത്വം
അഞ്ച് വികൃതത്തെ ഒരുമിച്ച നേരിട്ടുമെൻ
പിതാവ് ഒരു മഹാൻ അല്ലെയോ?
തുളുമ്പുന്ന ചിരിയുള്ളയെൻ പിതാവിനുള്ളിൽ
തിളങ്ങുന്ന രക്തശ്ശുമുണ്ടോ...?
ഞാൻ ചിന്തിച്ച എൻ മാതൃക മാത്രമായിങ്ങനെ
അല്ല. ലോകഗോളത്തിലെ ഓരോ
പിതാവുമിങ്ങനെത്തനെ.

–അനൈത മധു എം കെ
-9D

# QUOTES

“I Have no special talent. Iam onlypassionalely  curious”

-Albert Einsten

“ Life is made of ever so  many parting welded together”

-Charles Dickens

“ Life is never fair,and perhaps it is a good thing for most of us that is not "


- Oscar Wild

“Optimism is the faith that leads to achievment. Nothing can be done without hope and confidence. "

- Helen keller

“ The best revenge is massive success. "

- Frank sinatra




**- Anwaya t  9A**

se


# My Experiments With Truth

**- Mahathma Gandhi**

I hope and pray that no one will regard the advice interspersed in the following chapters as authoritive.The experiments narrated should be regarded as illustrations , in the light of which everyone may carry on his own experiments according to his own inclinations and capacity . I trust that to this limited extent the illustrations will be really helpful; because I am not going either to conceal or understate any ugly that thingst must be told. I hope to acquaint the reader fully with all my faults and errors. My purpose is to describe experiments in the science of Satyagraha , not to say how good I am. In judgingmyself I shall try to be as harsh as truth , as I want others also to be.

-Anwaya T
-9A

# KAMALA SOHONIE




**Kamala's niche was in study of nutritional elements in common food such as milk, legumes and pulses. This had great relevance in Indian societal needs as the poorest people consumed these food items. Sohonie was in tussle with prof. C.V. Raman who did not want woman at the Indian Institute for Science. Finally he relented and kamala worked with M sreenivasayya, a pioneer of microbiological research in india.Her dedic-ationencouraged prof. Raman to induct women search.**

**While at cambridge (1936) she discovered enzyme in potato called cytochrome C and explained it's role in plant role plant respiratation . Her 40 page thesis was much appreciated.She was the first women to recieve ph.D from in any branch of science. Kamala Sohonie recieved the rashtrapathi award for her work.**

# KADUMBINI GANGULY



Kamdumbini Ganguly from bengal practiced as an independent physician in 19th century. India breakinng into male bastion.She graduate from western medicine from cutcutta medical college in 1886. Ganguly became one of first two women in india to be eligible to practice medicine.The other being of anandi gopal joshi.Kandumbini earned three licenciate post graduatediploma in medicine and surgery from the collage  Edinburgh, Glassgow and Dublin. Involved in india's freedom struggle she become the first woman to be on the dais at a session of Indian National Congress. Her noticeble societal condribution was her involvment  to improve the condition of femal coal miners in eastern india. Ever on duty she died in 1923 after return from house call when medical aid failed to reach her.

-Induja

-9C

# Anandi Gopal Joshi



## THE INDIAN PIONEERS WHO TREADED THE UNCONVENTIONAL PATH

Anandi Gopal Joshi became a mother when she was 14.Her baby died in ten days due to lack of medical care and facilities. This huge trauma triggered her desire to do something for health care in india .IN 1883 anandhibhai began her medical trainning in united states out the women's medical college of pennsylvania.She graduated with a MD in 1885 and became physician in charge of female ward of local albert edward hospital in the pricely state of kolhapur in 1886.She died on 1887 of tuberculosis before she turned 22.

-----------------

# ASIMA CHATTERJEE



Asima chatterjee was noted for her work in field of organic chemistry and phytomedicine.She the first woman to recieve a doctorate of science from an indian university in 1944.She was also authoured considerable volume of work on medicinal plants of the indian subcontinent. Amoung her noticeble instructers at the time were prafulla chandra roy and prof.S.N Bose. In 961 she became the first woman to be awarded the Shanti Swarup Batnagar prize. Her work led to the devolopment of an epilepsy drug called ayush-65 and several Anti-malarial drug that marketed by various companies

# Anna Mani



Anna mani's passion for climate science made her taker remarkable ventures. She worked with Sir C.V.Raman for her doctoral thesis from 1940-1945. Anna joined Indian Meteorological Department in 1948 and devoloped the programme to make india self sufficient in designing and manufactoring it's own weather instruments . She was responsible for organizing wind speed measurments. At over 700 sites using state-of-art equipmentround last year.

-Induja
-9C

-----------------------

# തേങ്ങലടങ്ങാതെ...

ഇന്നിന്റെ പുലരിയെ വരവേറ്റത് ആ മെസ്സേജ് കൊണ്ടായിരുന്നു.അതെ ഈറനണിഞ്ഞ മിഴികളോടെ ആ പോസ്റ്റിന്റെ ഓരോ വരികളും വായിച്ചെടുത്തവർ എന്നെ പോലെ ഒരുപാടുണ്ടാകും . "ഹാരിസ് കുടുംബ സഹായ കമ്മിറ്റി ".
സമയം രാത്രി 8 മണി .തന്റെ മീൻ പലകയിലെ അവസാന മീനും വിറ്റുതീർന്നു എല്ലാം കഴുകിവൃത്തിയാക്കി വച്ചപ്പോൾ കൂട്ടുകാരന്റെ ചോദ്യം ;ഹാരീസേ ..... ബാലുശ്ശേരിയിലേക്ക് പോരുന്നോ... പെട്രോളടിച്ചിട്ട് പോരാം.... ഇല്ലെടാ ഞാനില്ല ഞാൻ പെട്രോൾ നേരത്തെ അടിച്ചതാ....മാത്രമല്ല ഷുഗറുണ്ട് മെഡിസിനെടുക്കാനുള്ള നല്ല ക്ഷീണമുണ്ട് ".വണ്ടിയുമായി സമാധാന ഭവനത്തിലേക്ക് തിരിക്കുമ്പോൾ പാതിവഴിയിലെത്തി പതിവുപോലെ വീട്ടിലേക്ക് വിളിച്ചു. വല്ലതും വാങ്ങിക്കാനുണ്ടോ? ചെറിയ ഒരു സദാം വാങ്ങാൻ ഉമ്മ പറഞ്ഞപ്പോൾ ബാലുശ്ശേരിയിലേക്ക് തന്നെ തിരിച്ചു.ഇടയ്ക്ക് കയറി പൊന്നുമോൾ പറയുന്നത് കേൾക്കാമായിരുന്നു.ഉപ്പ വേഗം വരണെ.... ഞാൻ കാത്തിരിക്കും .... ബാലുശ്ശേരിയെത്തുന്നതിനു മുമ്പേതന്നെ സ്ട്രോക്ക് ഹാരിസിന്റെ വിധി നിർണയിച്ചിരുന്നു. അതെ വണ്ടിയുടെ നിയന്ത്രണം നഷ്ടപെട്ട തനിക്കെന്താണ് സംഭവിക്കുന്നതെന്നു പോലും  മനസ്സിലാവാതെ നേരെ റോഡരികികളെ കിടങ്ങിലേക്ക്. വീഴ്ചയുടെ ആഗതതി രക്തം വാർന്നുകൊണ്ടിരിക്കുന്ന ഹാരിസ് ആരുടെയും കണ്ണിൽ പെട്ടില്ല.അവസാനം ഹൈവേ പോലീസ് ഒട്ടും സുഖമില്ലാത്ത കോലത്തിൽ കിടക്കുന്ന ഒരു ബൈക്ക് കണ്ടിട്ട് അടുത്തെത്തി പരിശോധിച്ചപ്പോൾ അവസാന ശ്വാസത്തിലേക്കടുക്കുന്ന ഒരു ജീവൻ.ഒന്നുമാലോജിക്കാതെ ഒട്ടും വൈകിക്കാതെ ആ ജീവനുവേണ്ടുള്ള മരണപ്പാച്ചിൽ.മൂന്ന് ദിവസം വെന്റിലേറ്ററിൽ... നിറപ്രാർത്ഥനകളോടെ ഒരു വീടും നാടും കുടുംബവും കൂട്ടുകാരും ...  പക്ഷെ ഫലമുണ്ടായില്ല....
സമയം വൈകുന്നതിനനുസാരിച്ചു കുഞ്ഞുമക്കളുടെ നിഷ്കളങ്കമായ ചോദ്യം..ഉമ്മ.. ഉപ്പ എന്താ വരാതെ..? മോള് ശബ്ദമുണ്ടാക്കാതിരിക്ക് ," ഉമ്മ വാവയെ ഉറക്കട്ടെ",എന്നും പറഞ്ഞ് ഒരു വയസ് പ്രായമുള്ള കുഞ്ഞനുജനെ പാലൂട്ടി ഉറക്കുന്ന ഉമ്മയെ ചുറ്റിപറ്റി അവളിരുന്നു .കുഞ്ഞുറങ്ങിയപ്പോൾ വാ.... മോളെ ഉമ്മ ചോറു വാരിത്തരാം എന്ന് പറഞ്ഞപ്പോൾ ഇല്ല.... ഞാനുപ്പയുടെ കൂടയാ കഴിക്കുന്നതെന്ന വാശിയിൽ ഒരേ ഇരുപ്പ്.സമയം നീങ്ങുന്നതറിഞ്ഞ് അവർ വീണ്ടും വീണ്ടും നോക്കി .മറുഭാഗത്ത് മറുപടിയുണ്ടായില്ല .ഉപ്പയുമായുള്ള തന്റെയും ഉമ്മയുടേയും ഉമ്മമ്മയുടേയും എല്ലാം അവസാന സംഭാഷണം നേരത്തെ ചെയ്ത കോളിലൂടെ കഴിഞ്ഞു എന്നവരറിഞ്ഞില്ല .

സുഹൃത്തുക്കളുടെ നമ്പറിലേക്കും നാട്ടുകാരുടെ നമ്പറുകളിലേക്കും മാറിമാറി വിളിയായി .ഒരു നാട് മൊത്തം തിരച്ചിലിലും ആധിയിലുമായി .....ഒടുവിൽ അതാ പ്രിയതമയുടെ കാതിലേക്ക് ആ സന്ദേശം വന്നെത്തി ....ഹാരിസിന്റെ ബൈക്ക് അപകടത്തിൽ പെട്ടിരുന്നു.ഒന്നും സംഭവിക്കല്ലേ എന്നകമുരുകി പ്രാർത്ഥിക്കുന്ന ഉമ്മയും ബാപ്പയും പ്രിയതമയും ...എന്തുപറയണമെന്നറിയാതെ പകച്ചു നിൽക്കുന്ന കുടുംബക്കാർ ....പ്രാർത്ഥനക്കായി തുരുതുരാ വന്നുകൊണ്ടിരിക്കുന്ന മെസ്സേജുകൾ ....നാടിനും വീടിനും കൂട്ടുകുടുംബത്തിനും നന്മകൾ മാത്രം ബാക്കിയാക്കി ഒരു നാടിനെയൊന്നാകെ കണ്ണീരിലാഴ്ത്തി നാഥനിലേക്ക് മടങ്ങി ആ 34 കാരൻ ....ഉപ്പയോടൊപ്പം കളിച്ചു കൊതി തീരാതെ ......മക്കളുടെ കൊഞ്ചലുകൾ കാണാൻ കാലം അനുവദിക്കാതെ .....യതീം എന്ന പേര് ചാർത്തപ്പെട്ട ആ കുഞ്ഞു പൈതങ്ങൾ .....
തേങ്ങലടക്കാതെ അവരുടെ ഉമ്മ ......
സ്വർഗ്ഗത്തിലൊരുമിക്കാമെന്ന പ്രതീക്ഷയോടെ ........

# ഊട്ടിയിലേക്കൊരു യാത്ര



യാത്രകൾ എന്നും വിസ്മയം നിറഞ്ഞ കാഴ്ചകൾ നമുക്ക് സമ്മാനിക്കുന്നു. ഇത്തവണത്തെ ക്രിസ്തുമസ് അവധിക്കാൻ ഞങ്ങൾ പോയത്. ഒരു ടൂറിസ്റ്റ് ബസ്സിൽ മണിയോടെ ഞങ്ങൾ ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. ഞാൻ ജനാലയ്ക്കരികിലെ സീറ്റിൽ സ്ഥാനമുറപ്പിച്ചു എല്ലാവരും തണുപ്പിനെ അധിജീവിക്കാനായി കമ്പിളി വസ്ത്രങ്ങൾ കരുതിയിരുന്നു . എട്ടുമണിയായപ്പോൾ ഒരു ഹോട്ടലിൽ കയറി പ്രഭാതഭക്ഷണം കഴിച്ചു . വീണ്ടും യാത്ര തുടർന്നു ഗൂഡനല്ലൂർ പട്ടണം പിന്നിട്ട ഞങ്ങൾ ആദ്യം എത്തിയത് മനോഹരമായ വ്യൂ പോയിന്റിലാണ് . ചുറ്റും മനോഹരമായ കാഴ്ചകൾ ഗൂഡനല്ലൂർ പട്ടണത്തിലെ ആകാശകാഴ്ചകൾ ഞങ്ങളെ ഭയപ്പെടുത്തി .പേടിപ്പെടുത്തുന്ന കൊക്കകളും കൊടുമുടികളും ഞങ്ങളെ അതിന്റെ രൂപത്താൽ ഭയപ്പെടുത്താൻ ശ്രമിച്ചു.അവിടെ നിന്നും പൈൻ മരങ്ങൾക്കിടയിലൂടെ വളഞ്ഞു പിളഞ്ഞ ചുരങ്ങൾ കയറി ഞങ്ങൾ എത്തിയത് ഷൂട്ടിംഗ് കുന്നിലാണ്.താഴ്വാരത്തെ കാഴ്ചകൾ ആസ്വദിച്ച ശേഷം ഉച്ച ഭക്ഷണം കഴിക്കാൻ പോയി. ബിരിയാണി കഴിച്ചു .തുടർന്നുള്ള യാത്രയിൽ അല്പനേരം ഞാൻ ഉറങ്ങി .പിന്നെ ഞങ്ങൾ തടാക കരയിലെത്തി.അവിടെനിന്നും ബോട്ട് സഫാരി ചെയ്തു .

കൂടാതെ ഒരുപാട് വിനോദങ്ങളിൽ ഏർപ്പെട്ടു.പിന്നെ ഞങ്ങൾ തേയില ഫാക്ടറിയിൽ പോയി. അവിടെനിന്നും ചായപ്പൊടി വാങ്ങി .ഒരു ചായ കുടിച്ച ശേഷം യാത്ര തിരിച്ചു.

-krishnapriya kp 9A

# BEST FRIEND

*WHEN YOU HAD ALL YOU WANT*
*BUT YOU MISSED SOMETHING*
*YOU NEVER KNEW WHAT*
*YOU COULD NEVER CHATTER*
*NO SHOULDER TO CRY UPON*
*AND NO EARS TO LISTERN YOUR SORROW*
*THERE WAS A GAPING HOLE IN YOUR LIFE*
*YOU NEVER KNEW HOW TO FILL OR MEND IT*
*THERE WERE NO YAY, JUST*
*THE MONOTONAUS DAYS*
*THAT'S WHEN YOU REALIZE*
*WHAT A FRIEND MEANS TO YOU*
*WHO THE ONE YOU WERE SEARCHNG FOR*
*WHO COULD CHANGE YOUR LIFE*
*WHO COULD SHARE YOUR PAIN*
*IT'S YOUR BEST FRIEND*

-fidha fathima

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതീ  മനഷശാന്തിതരും
മമ ജന്മ നാടേ മനോഹരീ.....

കളകളമൊഴുകി സ്നിഗ്ധ
മടിത്തട്ടു കാണുമാറാഴകാർന്ന-
രുവികളുമതിരിൽ  മേഘ മേലാപ്പു-
തൊട്ടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഘ്യം
ശീതളമാമലഞൊറിയിളകും കോമള-
നദികളുമീറൻ  തടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർതെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ.

ഇളം കാറ്റിൽ പാരുമംഗന
തൻ  ചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തിര ഞൊറിയും സാഗരം നീളെ .....

മണ്ണിന് മാദക ഗന്ധം നുകരും മക്കൾക്കാശ്രയമരുളും
മമനാടേ മനോഹരീ..... മനസ്സിൽ നിന്മുക്തസൗന്ദര്യം..... മുകരുന്നു ഞാൻ .....

-Gourinanda V
-9E

# വായനാദിന മഹദ്ചിന്തകൾ

"വായിച്ച് വളരുക ചിന്തിച്ച് നേടുക"

–പി ൻ പണിക്കർ

"ലാഭം മാത്രം നൽകുന്ന നിക്ഷേപമാണ് വായന"

–ആമോസ്ബ്രോൺസൺ

"ഇന്ന് വായിക്കുന്നവർ നാളത്തെ നേതാവ് "

– മാർഗരറ്റ് ഫുല്ലർ

"വായിക്കുന്നു എന്നാൽ സമ്പാദിക്കുന്നു എന്നാണർത്ഥം "

–ജോർജ് ക്രിസ്റ്റോഫ്

"വായന ഒരു മനുഷ്യനെ പൂർണ്ണമാകുന്നു"

–ഫ്രാൻസിസ് ബേക്കൺ

"വായിക്കുന്ന കുട്ടി മുതിരുമ്പോൾ ചിന്തിക്കുന്നു"

–നീൽ ഗെയ്മാൻ

" ചിന്തിക്കാൻ സഹായിക്കുന്ന ഒരു ഉപകരണമാണ് വായന"

–എഡ്വേഡ് ഗിബൻ

# പ്രണയ കിനാവ്

ബഷീർ കൃതികളുടെ ഏറ്റവും പ്രത്യേകതയാണ് ദീപ്തമായ ഭാഷാശൈലി. ഭാഷയിൽ നിന്ന് ബഷീർകണ്ടെടുക്കുന്ന വാക്കുകൾ തല്ലിയുടച്ചും കൂട്ടി ചേർത്തും സൃഷ്ടിക്കുന്ന ഭാവ പ്രപഞ്ചം അപൂർവ സുന്ദരമാണപ്രഥമനോവലായ പ്രേമ ലേഖനത്തിൽ തന്നെ ഈ സവിശേഷത പ്രത്യക്ഷമാവുന്നു. തീവ്രമായ സ്നേഹബന്ധങ്ങളുടെ കഥ പറയുന്ന ബഷീറിന്റെ ഒരു കൃതിയാണ് പ്രേമലേഖനം. സാറാമ്മയുടെയും കേശവൻ നായരുടെയും സ്നേഹബന്ധങ്ങളുടെ കഥയാണ് ബഷീർ പ്രേമ ലേഖനം എന്ന അദ്ദേഹത്തിന്റെ കൃതിയിലീടെ പറയുന്നത്.

പ്രിയപ്പെട്ട സാറാമ്മാ

"ജീവിതം യവ്വന തീക്ഷണവും തീക്ഷണവും ഹൃദയം പ്രേമ സുരഭിലവുമായിരിക്കുന്ന ഈ അസുലഭ കാലഘട്ടത്തെ എന്റെ പ്രിയ സുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു? ഞാനാണെങ്കിൽ എന്റെ ജീവിതത്തിലെ നിമിഷങ്ങളോരോന്നും സാറാമ്മയോടുള്ള പ്രേമത്തിൽ കഴിയുകയാണ്; സാറാമ്മയോ?" ഗാഢമായി ചിന്തിച്ച് മധുരോദാരമായ അനുഗ്രഹിക്കണമെന്ന് അവപക്ഷിക്കുന്നു...... ഇത്തരത്തിലാണ് പ്രേമലേഖനം എന്ന കൃതി തുടങ്ങുന്നത്. അകൃത്രിമ സുന്ദരവും മദലികവും ആർഭാരബിതവുമായ പ്രേമകഥ. വായനക്കാരെ കുളിരണിയിക്കുന്ന ആഖ്യാന ശൈലി. വ്യക്തമുള്ള, സർവ്വോപരി അടിമുടി നിറഞ്ഞുനിൽക്കുന്ന നർമ്മം ! പ്രേമബന്ധത്തിൽ നർമ്മ സാഹിത്യത്തോടെ ഇത്ര ഹൃദ്യമായി മറ്റാരും അവതരിപ്പിച്ചിട്ടില്ല. സാറാമ്മയും കേശവൻ നായരും തമ്മിലുള്ള വിചിത്രമായ പ്രേമത്തിന്റെ അത്യന്തം വൈചിത്ര്യമായ തുടക്കമാണിത്. തന്നെ പ്രേമിക്കുക എന്ന ജോലിയിൽ നിയമിതനായ സാറാമ്മക്ക് കേശവൻനായർ കൃത്യമായ ശമ്പള തുകയും ഷോടതി കിട്ടിയ പണവും നൽകി,ആ സുരഭിലമായ ബന്ധം പുരോഗമിക്കുന്നു. താൻ പറ്റിയ ശമ്പളത്തുകയും ഷോടതി കിട്ടിയ പണവും ചേർത്ത് കാമുകൻ ഏൽപ്പിച്ച അയാളെ പോലും അത്ഭുതപ്പെടുത്തുന്ന സാഹസികതയുടെ ജീവിതത്തിൽ പങ്കുചേരുന്ന സാറാമ്മ വായനക്കാരുടെ ഓർമ്മയിൽ എന്നും തങ്ങിനിൽക്കുന്ന കഥാപാത്രമാണ്. ഇത്തരത്തിൽ നർമ്മ പ്രധാനമായ മറ്റൊരു സംഭവവും കഥയിൽ നടക്കുന്നുണ്ട്. റെയിവേ സ്റ്റേഷനിൽ എത്തുന്ന കേശവൻ നായരും സാറാമ്മയും ചായ ആവശ്യപ്പെടുന്നു. രണ്ടുപേർക്കും ചായ മതിയെന്ന് കേശവൻനായർ പറഞ്ഞു. കേശവൻനായർക്ക് മറുപടി എന്നപോലെ സാറാമ്മ പറഞ്ഞു. രണ്ടുപേരക്കും കാപ്പി മതി. ഈ തർക്കം കുറച്ചു നേരം തുടർന്നു. ഒടുവിൽ കേശവൻനായർ ചായയും സാറാമ്മ കാപ്പിയും കുടിച്ചു. പ്രേമലേഖനം എന്ന കൃതിയിൽ സാറാമ്മക്കും കേശവൻനായർക്കും ഒരു കുഞ്ഞ് ജനിക്കുമ്പോൾ ഒരു മതത്തിന്റെയും ജാതിയുടെയും മുദ്രയില്ലാത്ത പേരിടണം എന്നുള്ളത് നിർബന്ധമായിരുന്നു. ഇത്തരത്തിൽ അവർ കണ്ടെത്തിയ പേരാണ് 'ആകാശമിഠായി'. എന്നത് . ഈ പേരും വായനക്കാരെ അത്ഭുതപ്പെടുത്തുന്നു. ഇത്തരം മുക്കി തീക്ഷണമായ പ്രേമകഥ കഥ ബഷീറിന് മുമ്പോ പിമ്പോ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത് എന്നാണ് നിരൂപകനും സാഹിത്യചരിത്രകാരനുമായ ഡോക്ടർ കെ എം ജോർജ് അഭിപ്രായപ്പെടുന്നത്......

ആവണി ബി

# മരണ രാവ്

നിഗൂഢമായൊരു രാവ്.......
വാക്കുകൾക്കോ വാക്കേറ്റങ്ങൾക്കോ
ചെവികൊടുക്കാത്ത രാത്രിയുടെ അനന്തമായ മുന്നേറ്റം....
നീയെന്നോ ഞാനെന്നോ ഇല്ലാതെ
ദു:ഖം പടർന്നുകയറിയ
ഒട്ടനവധി ശരീരങ്ങൾ! അത്രയേറെ
വിലകൽപ്പിച്ചയൊന്നിന്റെ
അസാന്നിധ്യമറിഞ്ഞ് കണ്ണീർ-
-വാക്ക് പൊഴിക്കുന്നവർ,
വിങ്ങിപ്പൊട്ടുന്ന ഉറ്റവർ,
ഒന്നും ചെയ്യാനാകാതെ
കണ്ണുകളിലൂടെ വെള്ളപൊതി-
-ഞ്ഞ ശരീരത്തെ ചുംബിച്ചവർ,
ഒരുതരം പരിഭ്രാന്തിപ്പെടുത്തു-
-ന്ന നിശബ്ദത,
മരണമിത്ര ഭീകരമോ?

-Laiba fathima 9A

# തീവ്രമായി ആഗ്രഹിക്കൂ അതും നേടാം......

ഇന്ത്യയുടെ യുവത്വത്തെ സ്വപ്നം കാണാനും, അത് യാഥാർഥ്യമാക്കാനും പ്രചോദനം നൽകിയ എ.പി.ജെ അബ്ദുൽ കലാമിന്റെ ജീവിതത്തെ സ്വാധീനിച്ച വാക്കുകൾ രാമനാഥപുരം സ്കൂളിലെ അയ്യാദുരൈ സോമളൻ എന്ന അധ്യാപകന്റെതായിരുന്നു.കലാമിന്റെ സ്വപ്നങ്ങൾക്ക് അഗ്നിചിറകുകളേകിയ മനുഷ്യൻ.എന്തെങ്കിലും നേടണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ അത് തീവ്രമായി ആഗ്രഹിക്കണം.അത് തീർച്ചയായും നേടുമെന്ന് ഉറച്ചു വിശ്വസിക്കുകയും വേണം.സോമളൻ സാറിന്റെ ഈ വാക്കുകളാണ് കലാമിന് പ്രചോദനമേകിയത്.കലാം എന്ന കുട്ടിക്കു കാലം കാത്തുവച്ച വഴികാട്ടിയായിരുന്നു സോമളൻ ഒരു മോശം വിദ്യാർത്ഥിക്ക് നല്ല അധ്യാപകനിൽ നിന്നും പഠിക്കാവുന്നതിലേറെ ,നല്ല വിദ്യാർത്ഥിക്ക് മോശം അധ്യാപകനിൽ നിന്നും പഠിക്കാനാകുമെന്ന് സോമളൻ സാർ ഉറച്ചു വിശ്വസിച്ചിരുന്നു .തുറന്ന മനസ്സായിരുന്നു അദ്ദേഹത്തിന് .ആഗ്രഹം ,വിശ്വാസം ,പ്രതീക്ഷ എന്നിവയുണ്ടെങ്കിൽ ഒന്നും അസാധ്യമല്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ പക്ഷം .

ഒരിക്കൽ മധുര കാമരാജ് യൂണിവേയ്സിറ്റിയിൽ ഒരു ചടങ്ങിൽ പങ്കെടുക്കാനെത്തിയ കലാം ,തന്റെ പ്രിയപ്പെട്ട അധ്യാപകനെ അന്വേഷിച്ചിറങ്ങി .മധുരയിൽ നിന്നും കുറച്ചുമാത്രമകലയാണ് എൺപതുവയസുകാരനായ അദ്ദേഹം താമസിക്കുന്നതെന്ന് തിരിച്ചറിഞ്ഞ കലാം ,അയ്യാദുരൈ സോമളൻ സാറിനെ തേടി ചെന്നു.അന്ന് അദ്ദേഹം കലാമിനോട് ഒരു കാര്യം പറഞ്ഞു.

''കലാം ,ഞാൻ മുന്നോട്ടുവെച്ച ലക്ഷ്യങ്ങളിൽ എത്തുക മാത്രമല്ല ,അവയെ മറികടക്കുകകൂടി ചെയ്തിരിക്കുന്നു നീ ''

തനിക്ക് ലഭിച്ച ഏറ്റവും വിലപിടിച്ച വാക്കുകളൊന്നായി കലാം അതിനെ കരുതി

- ഹരിത ജയൻ 8A

# മഴവില്ലിൻവർണ്ണം

ഏഴ്ഴ നിറങ്ങളാൽകവിഞ്ഞു-
നില്കുന്നു.....കാർമേഘങ്ങൾ
തെളിഞ്ഞു... അതു മായുമ്പോൾ
അതാ കാണുന്നു ഏഴ്ഴ -
നിറങ്ങളോടുക്രൂടി നിൽക്കുന്ന വർമഴവില്ല് ...
മഴവില്ല് ജ്വലിച്  നില്കുന്നു...
ഈ വർണ്ണങ്ങൾകൊണ്ട്
നിറഞ്ഞുനിൽക്കുന്ന മഴവില്ല്
ആകാശത്തിൽ മേഘങ്ങൾക്കിടയിൽ
നിന്നും തിളങ്ങുന്നു ....
ഏഴ്ഴ നിറങ്ങളാൽ ശോഭിക്കുന്ന മഴവില്ലിനെ
കാണുവാൻ എന്തുഭംഗി ...എന്തു ഭംഗി ...
നിറങ്ങൾ കൊണ്ടു അലങ്കരിക്കപ്പെട്ടതും
വർണങ്ങൾ കൊണ്ട് തിളങ്ങുന്നതുമായ
മഴവില്ല്
നാം കാണുന്ന ഈ
ഭൂമിയിൽ  ഏഴ്ഴ വർണങ്ങൾ മൂലം
പ്രകാശിച്ചു നിൽക്കുന്ന മഴവില്ലിനെ-
കാണാൻ എത്ര മനോഹരം .......
എത്ര മനോഹരം.......

**-ആമിന ഹിനാര**
**8F**

# സ്റ്റീഫൻ ഹോക്കിംഗ്സ്

1942 ജനുവരി 8 ന് ഇംഗ്ലണ്ടിൽ ജനനം. ചെറുപ്പം മുതൽ സയൻസിനോട് ആയിരുന്നു താൽപര്യം. 17-ാം വയസ്സിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും നാച്ചുറൽ സയൻസിൽ 1-ാം സ്ഥാനത്തോടെ ബിരുദം എടുത്ത ഹോക്കിംഗ് കേംബ്രിഡ്ജ് സർവകലാശാലയിൽ കോസ്മോസ് ഗവേഷണത്തിന് ചേർന്നു. മോട്ടോർ ന്യൂറോൺ എന്ന ALS രോഗം പിടിപെട്ട് സംസാരിക്കാനുള്ള കഴിവും കൈകാലുകൾ ചലിപ്പിക്കാനുള്ള കഴിവും നഷ്ടപ്പെട്ടു. കംപ്യൂട്ടർ വൽകൃതമായ വീൽചെയറിൽ ഇരുന്നുകൊണ്ടാണ് അദ്ദേഹം പിന്നീട് ലോകം കീഴടക്കിയത്. 1974ൽ ഹോക്കിംഗ്സിനെ റോയൽ സൊസൈറ്റിയിലേക്ക് തിരഞ്ഞെടുത്തു. 1979 ൽ കേംബ്രിഡ്ജിലെ പ്രൊഫസറായി നിയമിതനായി. Brief History of time എന്ന വിഖ്യാതമായ കൃതി അദ്ദേഹത്തിന്റേതാണ്. 2004 July 21 ന് തന്റെ പുതിയ കണ്ടുപിടിത്തം കൊണ്ട് ലോകത്തെ ഞെട്ടിച്ചു. 1974 ൽ ഹോക്കിംഗ്സ് റേഡിയേഷൻ കണ്ടെത്തിയപ്പോൾ സംഭവിച്ച സ്വന്തം തെറ്റാണ് അദ്ദേഹം തിരുത്തിയത്. എന്തെന്നാൽ Black holeൽ അകപ്പെട്ട വസ്തുക്കളെ സംബന്ധിച്ച് സകലവിവരങ്ങളെയും ഹോക്കിംഗ് റേഡിയേഷനിൽ കോഡ് ചെയ്യപ്പെട്ടിട്ടുണ്ട് അത് ഡീക്കോഡ് ചെയ്ത് വായിക്കാൻ നമുക്ക് ഇപ്പോൾ സാധിക്കില്ല എന്നേ ഉള്ളൂ. 2018 March 14 ന് തന്റെ 75-ാം വയസ്സിൽ ഇദ്ദേഹം മരണപ്പെട്ടു.

Ayisha zaeemth
8D

# ഫുട്ബോൾ

കാലുകൊണ്ട് അടിച്ചാൽ പറക്കുന്ന പന്ത്. പതിനൊന്നു പേര് കളിക്കുന്ന പന്ത്. അർജന്റീന മുതൽ ബ്രസീൽ വരെ നീളുന്ന കാൽപന്ത് കളിയുടെ നായകന്മാർ പോലെ തുടങ്ങിയ മഹാത്ഭുതം...... വന്നെത്തി നിൽക്കുന്നു എംബാപ്പെ വരെ ...... അതിനിടയിൽ അവതരിച്ച മറഡോണ എന്ന മഹാ മാന്ത്രികൻ..... അതിനിടയിൽ ചില താരങ്ങൾ ഉദിച്ച് അസ്തമിച്ചു..... പിന്നെ വന്നു ഫിഫ യെന്ന സംഘം..... അവർ നടത്തിയ ലോകകപ്പ് എന്ന സുവർണ്ണ കോപ്പ..... ആ കോപ്പ്ക്കായി മെസ്സിയോടി റൊണാൾഡോയോടി നെയ്മറോടി പക്ഷേ കിട്ടിയതാകട്ടെ എംബാപ്പയുടെ കൈകണിൽ മാത്രം..... അതിനിടയിൽ ലയണൽ മെസ്സി  എന്ന മാന്ത്രികൻ കാട്ടി പല മഹാത്ഭുതങ്ങളും ഈ ലോകം എഴുന്നേറ്റുനിന്നതാ..... കൊച്ചു മനുഷ്യന്റെ കാൽകൾക്കു മുൻപിൽ

ശ്രേയ ബിജു
ജി.ജി.എച്ച്.എസ്.എസ് ബാലുശ്ശേരി
9B

# Wings of Fire

-Dr APJ Abdul Kalam

'Wings of Fire' is an inspirational autobiography that gives deep insight into the life and personality of Dr APJ Abdul Kalam written with co-author Arun Tiwari , the book providing a compelling story of Kalam's remarkable life,from his humple beginnings in Rameshwaram to his extraordinary achievements in the field of science and politics.

In the book, Dr Kalam has shared stories about his early life, the challenges he faced and how he worked really hard to achieve his dreams. The book is divided into four sections, each offering a glympse into different phases of Kalam's life. The book chapters,titled,orientation,creation,propitation and contemplation. The book has been very popular in India and has been translated into multiple languages.

-Sriya S


മറന്നു പോയിയെന്ന് തോന്നുന്നുണ്ടോ നിനക്ക്?
എങ്കിൽ അത് വെറുതെയാണ്.
ഞാനോ നീയോ വിചാരിച്ചാൽ
നിനക്ക് എന്നെയോ എനിക്ക് നിന്നെയോ മറക്കാൻ
സാധിക്കില്ല.....
ചുറ്റുമുള്ള കാഴ്ചകളിൽ  നീ എന്നെ തിരയാറില്ലേ ?
നിശബ്ദതയിൽ പോലും എന്നെ നീ കേൾക്കാറില്ലേ......
നമ്മൾ പരസ്പരം മറക്കുകയില്ല!
നാം കൂടുതൽ ആഴത്തിൽ
ഓർക്കുകയാണ്.....സ്നേഹിക്കുകയാണ്!

# പൊലിഞ്ഞ ജീവനും പ്രതീക്ഷയും


നേരം സന്ധ്യയാകാറായിരുന്നു.അവൾ ആ ഇടവഴിയിലൂടെ വീട്ടിലേക്ക് നടന്നു.പെട്ടെന്നവൾ കരിയിലകൾ അനങ്ങുന്ന ശബ്ദം കേട്ടു.അവൾ അവിടേയ്ക്ക് നോക്കിയപ്പോൾ ഒരു പൂച്ച ഒരു പാവം കുഞ്ഞി കിളിയെ കടിച്ചു കീറാൻ നോക്കുകയായിരുന്നു.അവൾ ആ പൂച്ചയെ പായിപ്പിച്ചു കുഞ്ഞികിളിയുമായി വീട്ടിലേക്ക് പോയി.കാര്യങ്ങളെല്ലാം അമ്മയോട് പറഞ്ഞു.അവൾ കുഞ്ഞിക്കിളിയുടെ മുറിവെല്ലാം മരുന്ന് വെച്ച് കെട്ടി കൊടുത്തു.എന്നിട്ട് അതിനെ ഒരു കൂട്ടിലിട്ടു ഭക്ഷണവും വെള്ളവും കൊടുത്തു.അമ്മ അവളോടായി പറഞ്ഞു ;'ഈ ഇങ്ങനെ കൂട്ടിലിടണ്ട.അതിനെ അതിന്റെ അമ്മയുടെ അടുത്ത കൊടുക്കണം.'അമ്മ പറഞ്ഞത് ശരിയാണെന്ന് അവൾക്കും തോന്നി.ആ  അമ്മക്കിളിക്ക് എത്ര സങ്കടമുണ്ടാവും -അവൾ ആലോചിച്ചു.അങ്ങനെ അവളും കൂട്ടുകാരും കൂടി കുഞ്ഞിക്കിളിയുടെ മരവും കൂടും തേടി തേടി കണ്ടുപിടിച്ചു.അങ്ങനെ അവൾ സന്തോഷത്തോടെ വീട്ടിലെത്തി എന്നാൽ അൽപ്പം സങ്കടവും.'നിന്നെ പിരിയുന്നതിൽ എനിക്ക് വിഷമമുണ്ട്.സാരമില്ല നിനക്ക് അമ്മയെ കാണണ്ടേ'അവൾ കിളികുഞ്ഞിനോടു പറഞ്ഞു.ആ കിളിയാകട്ടെ എന്തൊക്കെയോ ശബ്ദം ഉണ്ടാക്കുന്നു.പിറ്റേന്ന് വൈകുന്നേരം അവളും കൂട്ടുകാരും ഒപ്പം കുഞ്ഞിയും കൂടി ആ മരത്തിനടുത്തെത്തുന്നു.എന്നാൽ അവർ ആ കാഴ്ച കണ്ടു അവർ ഞെട്ടിത്തരിച്ചു.ഇന്നലെ കണ്ട മരം അതാ ആരോ വെട്ടിമുറിച്ചിരിക്കുന്നു .നിലത്താണെങ്കിൽ വിരിയാനിരിക്കുന്ന ഒരു മുട്ട വീണുടഞ്ഞിരിക്കുന്നു.അമ്മക്കിളിയും രണ്ട പിഞ്ചു മക്കളും മരിച്ചുകിടക്കുന്നു.അവർ വിങ്ങിപൊട്ടിയിരുന്നു.ഇന്നലെ കണ്ട മരം നശിപ്പിച്ചിരിക്കുന്നു.കൂടെ നാല് ജീവനും!

-ANANYA SP
9A

# PERIODIC TABLE




# FIRST 20 ELEMENTS



## മെഴുകുതിരി

ഹാ ദീപമേ നീ എൻ അന്തരാത്മാവിൻ
ഒരു കെടാ വിളക്കായി നിറയണമേ
ജീവിതത്തിൽ ഓർമ്മ നിന്നിൽ ഞാൻ കാണുന്നു.
തേങ്ങുകയാണോ നിൻ ഹൃദയം നിറയുകയാണോ
ജ്വാലയായി നീ വിടർന്നപ്പോൾ
പിന്നിൽ നീ ഉരുകുകയാണോ
കൂരിരുൾ നിലാവെളിച്ചം നൽകി നീ...
അറിവും നൽകി പുസ്തകങ്ങൾ പോലെ നീ...
എന്നും എങ്ങോട്ടും പോവരുതേ നീ...
മറ്റൊരു രൂപമായി മായരുതെ നീ...

കൃഷ്ണപ്രിയ.ആർ

# STUDENTS

*In classrooms filled with eager minds,*
*students seek the truths they find.*
*Questions posed,and knowledge sought,*
*in pursuitof wisdom,battles fought.*

*With each lesson, they grow and learn*
*inquiring minds forever churn.*
*Challenges faced ,they persevere,*
*with passion strong,they have no fear.*

*Dreams they harbor,ambitions high,*
*as they reach for the distant sky .*
*In halls of learning, they thrive and bloom,*
*students,the bearers of tomorrow's gloom*

# നാലുകെട്ട്




കഥാപാത്രങ്ങളുടെ ചുറ്റുപാടും നിസ്സഹായതയുമെല്ലാം മനസ്സിൽ നിറഞ്ഞു നിൽക്കുന്ന രീതിയിൽ എഴുതിയ ഈ നോവൽ കേരളം സാഹിത്യ അക്കാദമി അവാർഡ് കരസ്ഥമാക്കിയതിൽ ഒട്ടും അതിശയോക്തിയില്ല .സമൂഹത്തിന്റെ കാഴ്ചപ്പാടുകളെയും മാനുഷിക വികാരങ്ങളുടെയും സങ്കലനമാണ് അക്ഷരങ്ങളിലൂടെ നാലുകെട്ടായി പിറവിയെടുത്തത് .

അപ്പുണ്ണി എന്ന കുട്ടിയിലൂടെയാണ് നോവൽ ആരംഭിക്കുന്നത് . തന്റെ അച്ഛനെ ചതിച്ചു കൊന്നവരോടുള്ള പക മനസ്സിലിട്ട് വളർന്നുവന്ന അപ്പുണ്ണിക്ക് പൂർവകഥകളൊക്കെ പറഞ്ഞു കൊടുക്കുന്നത് മുത്തശ്ശിയാണ് . മുത്തശ്ശിയെന്ന് വിളിക്കുന്ന അയല്പക്കക്കാരി മുത്തശ്ശിയാണ് തന്റെ അച്ഛനായ കോന്തുണ്ണി നായരിൽ അഭിമാനം കൊള്ളുന്ന സാധാരണബാലന്റെ ചിത്രം തന്നെയാണ് അപ്പുണ്ണിക്ക് എം ടി വരച്ചു നൽകിയിരിക്കുന്നത് .

ഇഷ്ടപ്പെട്ട ആളിനെ കെട്ടിയതിന്റെ പേരിൽ നാലപ്പാട്ട് തറവാട്ടിൽ നിന്ന് പുറത്താക്കപ്പെട്ട
അമ്മയുടെ മകനായ അപ്പുണ്ണി താൻ വലിയ തറവാട്ടിലെ കുട്ടിയാണെന്ന് ഉള്ളിൽ നിരന്തരം പറഞ്ഞിരുന്നു . മുത്തശ്ശിയുടെ സഹായത്തോട് അമ്മയുടെ തറവാട്ടിൽ എത്തിയഅപ്പുണ്ണിയെ അവിടുന്ന് വിരട്ടിയോടിക്കുന്നു. പ്രാണരക്ഷാർത്ഥം ഓടിയ അപ്പുണ്ണിയുടെ മനസ്സിന്റെ ഭീകരത വ്യക്തമായാണ് എം ടി വരച്ചുകാട്ടിയിരിക്കുന്നത് .അപ്പുണ്ണിയെയും അമ്മയെയും സഹായിക്കാൻ എത്തുന്ന ശങ്കരൻ നായരെ ചേർത്ത് പരദൂഷണം പറയുന്നത് അപ്പുണ്ണി എന്ന ബാലന്റെ മനസ്സിൽ അമ്മയോട് വെറുപ്പ് ഉദ്ഭവിപ്പിക്കുന്നു. സ്ക്കൂളിലെ തന്റെ ഗാർഡിയൻ ആയ ശങ്കരൻ നായരോടും അമ്മയോടും വെറുപ്പ് വളർത്തുന്ന അപ്പുണ്ണി സത്യം മനസ്സിലാക്കാൻ മനസ്സുകാട്ടാതെ മനസ്സ് മനസ്സിലാക്കാതെ പെരുമാറി. സമൂഹം ചാർത്തി കൊടുത്ത ദുഷ്പേരിൽ നിന്നും തന്നെയും മകനെയും രക്ഷിക്കാൻ മനസ്സുകാട്ടുമ്പോഴും അപ്പുണ്ണിക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച അമ്മയുടെ മനസ്സ് കാണാനുള്ള പക്വത അപ്പുണ്ണിക്ക് കൈമോശം വരുന്നു.എല്ലാം ഇട്ടെറിഞ്ഞു അമ്മേയെ ഉപേക്ഷിച്ചു പോകുന്ന അപ്പുണ്ണിയുടെ തീരുമാനത്തിന് ഒരു പരിധി വരെ സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ കാരണമാകുന്നു എന്നതും എം ടി വ്യക്തമായി വരച്ചുകാട്ടുന്നു .ഉറച്ച തീരുമാനവുമായി വീണ്ടും അമ്മയുടെ തറവാട്ടിൽ കാലെടുത്തു വയ്ക്കുന്ന അപ്പുണ്ണിയെ കുട്ടമ്മ സപ്പോർട്ട് ചെയ്യുന്നു .അമ്മയില്ലാത്തതിന്റെ കുറവ് നൽകുന്ന അമ്മമ്മയുടെ സ്നേഹവും മാളുവിന്റെ പരിഗണനയുമെല്ലാം നാലുക്കെട്ടിലെ ജീവിതാലോകത്തേക്ക് വായനക്കാരെ എത്തിക്കുന്നത് എം ടി യുടെ എഴുത്തിന്റെ മാന്ത്രികത തന്നയാണ് .വാക്കുകളിലൂടെ ദൃശ്യാവിഷ്കാരം നൽകുന്ന ഈ നോവൽ ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതാണ് .

ദിൽജിയ

# ബാല്യകാലസഖി

മലയാളികളുടെ സ്വന്തം ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ നോവലാണ് ബാല്യകാലസഖി.

1944-ൽ പുറത്തിറങ്ങിയ ബാല്യകാലസഖിയാണ് ബഷീറിന് മലയാള സാഹിത്യത്തിൽ പ്രതിഷ്ഠ നൽകിയത്. അയൽക്കാരായ മജീദിന്റെയും സുഹറയുടെയും കഥയാണ് ഇത്. പണക്കാരന്റെ മകനാണ് മജീദ്. അടക്കാകച്ചവടക്കാരന്റെ മകളാണ് സുഹറ. അവർ സ്കൂളിൽ പോകുന്നതും കളിക്കുന്നതും എല്ലാം ഒരുമിച്ചാണ്. മജീദ് പഠിക്കാൻ മോശമാണ്. ഒന്നും ഒന്നും എത്ര എന്ന അധ്യാപകന്റെ ചോദ്യത്തിന് ഇമ്മിണി ബല്യ ഒന്ന് എന്ന്  പറയാൻ മാത്രം മണ്ടനാണവൻ. സുഹറ പഠിക്കാൻ മിടുക്കിയാണ്. സ്വപ്ന ജീവിയായിട്ടാണ് മജീദ് വളർന്നു വന്നത്. മുതിരുന്നതിനനുസരിച്ച് അവരുടെ ബന്ധം ഗാഢം ആയിത്തീർന്നു. ബാപ്പയുടെ മരണകാരണം സുഹറയ്ക്ക് തുടർന്നു പഠിക്കാൻ സാധിച്ചില്ല. ഒരു ദിവസം ബാപ്പ തല്ലിയതു കാരണം മജീദ് നാട്ടുവിട്ട് പോയി. ആറേഴു കൊല്ലം കഴിഞ്ഞ്  വെറും കൈയോടെ അയാൾ മടങ്ങിയെത്തി. കുടുംബം സാമ്പത്തികമായി തകർന്നു. സുഹറ ഇന്നൊരാറവുകാരന്റെ ഭാര്യയാണ്. മജീദിനെ കാണാൻ അവൾ ഓടിയെത്തി.  അവൾക്ക് അവനെ പിരിയാൻ മനസ്സുണ്ടായിരുന്നില്ല . കുടുംബം നോക്കാൻ മജീദ് വീണ്ടും നാട്ടുവിട്ടു. അയാൾ ഒരു കമ്പനിയിൽ ജോലി ചെയ്തു. അതിനിടെ അയാളുടെ കാൽ നഷ്ടപ്പെട്ടു.  അങ്ങനെ അയാൾ ഒരു ഹോട്ടലിൽ ജോലി ചെയ്തു.  ഇതിനിടെയാണ് സുഹറ മരിച്ചു എന്ന വിവരം കത്തിലൂടെ മജീദ് അറിയുന്നത്.

നായികാനായകന്മാരുടെ കുട്ടിക്കാലത്തെ കളിതമാശകളുടെ പ്രസാദമധുരമായ വെളിച്ചത്തിൽ തുടങ്ങിയ കഥ ശോകശങ്കുലതയുടെ കാളിമയിൽ അവസാനിച്ചു പോകുന്നു. എങ്കിലും മജീദ് നിരാശനാകുന്നില്ല. ചുറ്റുപാടിന്റെ പ്രകാശവും ചലനവും മജീദ് തിരിച്ചറിയുന്നു. മധുരിക്കുന്ന ഓർമകളിലേക്ക് തിരിയുകയായിരുന്നു അവന്റെ മനസ്സ്.

# SOLVE THESE

**2 +7 = 27**

**4 + 4 = 24**

**5 + 9 = 42**

**6 + 0 = *?***

**11 + 11 = 4**

**12 + 12 = 6**

**13 + 13 = 8**

**14 + 14 = *?***

Ans: 18,10

**- Nived B R : 9 E**

# തേന്മാവ്

വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ ചെറുകഥകളിൽ ഒന്നാണ് തേന്മാവ്. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ ഒരു തേന്മാവിനെക്കുറിച്ചുള്ളതാണീ കഥ. വളരെ ലളിതവും സുന്ദരവുമായിട്ടാണ് ബഷീർഈ കഥ രചിച്ചിരിക്കുന്നത്. അധ്യാപകനായ റഷീദിന്റെ ജീവിതത്തിൽ ഉണ്ടായ ഒരു അനുഭവമാണ് ചെറുകഥയിലെ വിഷയം. തേന്മാവിനെ ജീവനുതുല്യം സ്നേഹിച്ചിരുന്ന റഷീദ് ഒരു ഓർമ്മയിലൂടെ ആ അനുഭവം എഴുത്തുകാരനോട് പറയുകയാണ്. ഒരു വൃക്ഷത്തോടുള്ള സ്നേഹം വൃക്ഷരാധനയായി തെറ്റിധരിക്കപ്പെടുന്നതിലുള്ള ബഷീറിന്റെ അസംതൃപ്തിയും ഈ കഥയിൽ കാണാം. ഈ കഥ വായിക്കുന്നവർക്കൊക്കയും ഒരു വൃക്ഷത്തെയെങ്കിലും സംരക്ഷിക്കണമെന്ന സന്ദേശവും ബഷീർ നൽകുന്നു.

റഷീദ് ചെറുപ്പത്തിൽ തന്റെ സഹോദരനായ പോലീസ് ഓഫീസറെ കാണാൻ ദൂരെയുള്ള പട്ടണത്തിൽ പോയി. കടുത്ത വേനലായിരുന്നു. വഴി മധ്യേ 80 വയസ്സുള് ള ഒരു വൃദ്ധൻ തളർന്നുകിടക്കുന്നത് റഷീദ് കണ്ടു. റഷീദ് ആ വൃദ്ധനെ സഹായിച്ചു. ആ വൃദ്ധൻ ഒരു അനാഥനായിരുന്നു. അയാൾക്ക് കുടക്കാൻ റഷീദ് വെള്ളം വാഹ്ങികൊടുത്തു. പകുതി വെള്ളം കുടിച്ചു. ബാക്കി അവിടെഉണ്ടായിരുന്ന മാവിൻ തൈക്ക് നൽകി. പിന്നീട് വൃദ്ധൻ മരണപ്പെട്ടു. ആ മാവിതൈക്ക് അസ്മ എന്ന പെൺകുട്ടി വെള് ഒഴിച്ചുകൊടുക്കാറുണ്ടായിരു ന്നു. പിന്നീട് റഷീദ് അസ്മയെ വിവാഹം ചെയ്തു. അസ്മ ആ മാവിൻ തൈയ്യേ കൂടെ കൂട്ടി. അത് വലർന്നു. വലിയൊരു തേന്മാവായി മാറി. തേൻ രുചിയുള്ള മാമ്പഴം കഴിച്ചു. ആ മാവിൻ ചുവട്ടിലിരുന്നാണ് റഷീദ് കഥ പറയുന്നത്. പോകാനിറങ്ങിയപ്പോൾ ബഷീറിന് റഷീദിന്റെ മകൻ ഒരു പാത്രത്തിൽ മാമ്പഴങ്ങൾ നൽകി. ബഷീർ റഷീദിന്റെ മകനോട് പേരേന്താണ് എന്ന് ചോദിച്ചു. അവൻ മറുപടി പറഞ്ഞു "യൂസഫ്സിദ്ദിഖ" ആ വീട്ടിൽ നിന്ന് പോവുമ്പോൾ ബഷീറിന്റെ മനസ്സിൽ മാമ്പഴത്തേക്കാളും സ്നേഹത്തിന്റെ ഓർമ്മകളായിരുന്നു.

– ഭാഗ്യ ബി.എസ്
-9D

# മണ്ണിന്റെ തോഴൻ

മണ്ണിന്റെ തോഴനായി
മനുഷ്യന്റെ ദൈവമായി
നാടിന്റെ നാളയായി
നീ മാറുമ്പോഴും !...
വിയർപ്പുതുറ്റുകൾ പൊഴിയുന്ന
ദേഹത്തെ കരാളമാം -
പാട്ടുകൾ കാലത്തിൻ
ചോദ്യമായി തീരുന്നുവോ...
വിയൽപ്പക്ഷി കണ്ണിമ
ചിമ്മുന്ന നേരത്ത്
നിന്റെ തൻ പ്രതിരൂപം
കാറ്റിന്റെ തഴുകലിൽ കാണുന്നു ഞാൻ !...
അന്നത്തിന് കേഴുന്ന
കിടാങ്ങളുടെ കാറലിൽ
നോക്കുത്തിയായി നീ
മൗനമായി പാത തുടരുന്നുവോ?...
മണ്ണെന്നു കേട്ടാൽ അരക്കുന്ന ജനതയ്ക്ക്
നിന്റെയീ ജീവിതം  രസിക്കുവാൻ തീരുന്നു
കണ്ണുപൊത്തികളിക്കുന്നു ആളുകൾ
ദുഷ്കരമാം ജീവിതപാതകൾക്കു നേർ...
തീക്ഷണമാം ചൂടിലും
തോവുന്ന വെയിലിലും
മാരിപോൽ ചൊരിയുന്ന
മഴയിലും കച്ചകോട്ടുന്നു നീ...
പശ്ചിമാംബരത്തിലെ
മേഘം കറുക്കുന്നു
രാക്ഷസലർച്ചപോൽ
ഗർജിച്ചു  ആകാശവും
തക്ഷണം പൊട്ടുന്ന
കണ്ണീരുറവകൾ
വരണ്ടുവുവത്തിരിക്കുന്നുവല്ലോ
എന്നിട്ടും നിന്റെയീ കണ്ണിമയിൽ നനവുവരാത്തത് എന്തേ?...
കാലത്തിന്റെ കൈയ്യൊപ്പ്
പതിഞ്ഞൊരാ മേനിയിൽ
നീണ്ടൊരാ കാലത്തിൽ സങ്കടത്താഴിയിൽ
വളഞ്ഞുമെലിഞ്ഞൊരാ ശരീരം...
തുമ്പയെടുത്തൊരാ കൈയ്യിലെ
തയമ്പിന്റെ അടിയായി
തീരുന്നു ഇന്നു നാം
അനുഭവിക്കിന്നൊരീ ദുരന്തം...
തൂമ്പയെടുത്തൊരാ
കയ്യി തയമ്പിന്റെ
അടിയായി തീരുന്നു ഇന്നു
നാം കാണുന്ന മണ്ണ്...
ഓർക്കുകസോദരെ
അന്നം വിളമ്പുന്ന കൈകളെ നോവിക്കുന്ന
മനുഷ്യാ നാം നരഗത്തിലെത്തും

-വൈഗ എൻ വി -9D

-Bhadra MV
-9C

# @ ഊട്ടി

ഊട്ടിയിലേക്കാണ് ഞങ്ങൾ മൂവർസംഗം പോയത് വാക്കുകളിൽ പറഞ്ഞൊതുക്കാൻ പറ്റാത്തത്ര ഓർമ്മകൾ സമ്മാനിച്ച ആ ദിനങ്ങൾ യാത്രകൾ ഒക്കെ പോയിട്ടുണ്ട്.പക്ഷെ ഈ യാത്ര എനിക്ക് ഏറെ പ്രിയപ്പെട്ടതാണ് സ്കൂളിൽ നിന്നായിരുന്നു യാത്ര ഞാൻ ഇതുവരെ കൂട്ടുകാരുടെ കൂടെ സ്കൂളിൽനിന്ന് യാത്ര പോയിട്ടില്ല.അതുകൊണ്ടായിരിക്കും ഇതെനിക്ക് ഏറെ പ്രിയപ്പെട്ടതായത്. പുലർച്ചെ നാലുമണിക്ക് യാത്ര പുറപ്പെട്ടു എല്ലാവർക്കും നല്ല ആകാംഷയായിരുന്നു ആരും അപ്പോൾ ഉറങ്ങിയിട്ടില്ല എല്ലാവരും നല്ല ഊർജത്തോടുകൂടി ഡാൻസികളിച്ചു.പൊട്ടത്തരങ്ങളും തമാശകളും പറഞ്ഞു ചിരിച്ചു അങ്ങനെ ഊട്ടിയിലെത്തി. അവിടുത്തെ കാലാവസ്ഥ എനിക്ക് ഒത്തിരി ഇഷ്ടപ്പെട്ടു പിന്നെ ചിന്തിച്ചു ഞാനവിടെതന്നെ കുടിയാലോ ? എനിക്ക് അവിടുന്ന് തിരിച്ചുവരാൻ തോന്നിയില്ല അത് കഴിഞ്ഞ്ചയ്ക്ക് ബിരിയാണികഴിച്ച വേറെ ഒരിടത്തേക്ക് തിരിച്ചു അവിടുന്ന് ഷോപ്പിംഗ് ചെയ്യാൻ കുറച്ച സമയം തന്നിരുന്നു . അവിടുന്ന് എന്റെ കണ്ണിൽ ഒരു കൊച്ച കുഞ്ഞു പതിഞ്ഞു . കണ്ടപ്പോൾ ഞാൻ എന്റെ അച്ഛനെയും അമ്മയെയും ഓർത്തു .......

ആ കുഞ്ഞിന്റെ കയ്യിൽ സ്റ്റിക്കർ ഉണ്ടായിരുന്നു . ഞാന്ന് ഫ്രണ്ട്സും അത് വാങ്ങി .രാത്രി ഡി ജെക്കു കൊണ്ടുപോയി . അവിടുന്ന് കുറെ നേരം എന്ജോയ് ചെയ്തു .ആ രാത്രിയിൽ നല്ല തണുപ്പ് ഉണ്ടായിരുന്നു.ആ തണുപ്പിൽ ഞങ്ങൾ ഭക്ഷണം കഴിച്ചു.ഞങ്ങൾ ആ രാത്രിയുടെ സൗന്ദര്യം ആസ്വദിച്ചു.അങ്ങനെ ഒടുവിൽ തിരിച്ചു പോവാൻ സമയമായി.ബസ്സിന്റെ സൈഡ് സീറ്റിൽ ഇരുന്നു . നല്ല തണുപ്പ് ആയിരുന്നു.ആ ദിവസങ്ങളിലെ ഓർമകൾ ഇന്നും മായാതെ കിടക്കുന്നു .

SHIVATHEERTHA
9E

# അച്ഛന്റെ മകൾ

= കമല ഗോവിന്ദ്

അതീവസുന്ദരമായ ഭാഷ ,കമല ഗോവിന്ദിന് ഉണ്ട് .ആ ഭാഷയിലൂടെ കമല ഗോവിന്ദ് അച്ഛന്റെ മകളുടെ കഥ പറയുന്നു. ഭൂമിയിലെ സ്വർഗം പോലൊരു കുടുംബത്തിന്റെ ഈ കഥ വായനക്കാരനെ തീർച്ചയായും അനുവാചകനാക്കിത്തീർക്കുന്നു. ഇത്രമാത്രം സ്നേഹം തുടിക്കുന്നൊരു നോവൽ മലയാള ഭാഷ മുൻപ് കണ്ടിട്ടില്ല. തികച്ചും യാഥാർഥ്യമായ ഒരു അനുഭവം വിവരിക്കുന്നത് പോലെയാണ് എഴുത്തുകാരി നോവലിനെ ധന്യമാക്കിയത്.ഭൂമിയിലെ സ്വർഗം പോലെയുള്ള ആ കുടുംബത്തിന് നേരിടേണ്ടി വന്ന ദാരുണസാഹചര്യങ്ങളാണ് മൂന്നു നോവലുകളായി എഴുതപ്പെട്ടിരിക്കുന്നത് . ആസ്വാദനത്തിനു സമാന്തരമായി വായനക്കാരിൽ അന്വേഷണത്വരയും നോവൽ വളർത്തിയെടുക്കുന്നുണ്ട് .

ഡോ .സത്യദാസിന്റെ മൂന്നു പെണ്മക്കളുടെ സത്യസന്ധതയുംകരുത്തും വിവേകപൂർണ്ണമായ തീരുമാനങ്ങളുമാണ് കഥ നയിക്കുന്നത്. ഇളയ മകളായ ദയയുടെ മരണവും രണ്ടാമത്തെ മകളായ മിത്രയുടെ തിരോധാനവും കുടുംബത്തിന്റെ ശാന്തസ്ഥിതി തകർന്നപ്പോൾ മൂത്ത മകൾ ഐ പി എസ് വൈഗ എന്ന അതി ബുദ്ധിമതിയും അതീവ സുന്ദരിയുമായ ഉദ്യോഗസ്ഥ തന്റെ പ്രയത്നം കൊണ്ട് തീ ആളിക്കത്തികൊണ്ടിരിക്കുന്ന ആ കുടുംബത്തിന്റെ തീയണച്ച് സ്വയം വെന്തുകൊണ്ട് ചേർത്ത് നിര്ത്തുന്നു. ഇത്രമാത്രം ഉദ്യോഗജനകമായ ഒരു നോവൽ മലയാള ഭാഷ ഇതുവരെ കണ്ടിട്ടില്ല. ഒടുവിൽ എല്ലാ സംശയങ്ങൾക്കും നിർവൃത്തിയുണ്ടാകുന്നു .പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുന്നു. ദുഷ്ടശക്തികൾ നന്മക്കു കീഴടങ്ങുന്നു.അച്ഛന്റെ മകളിൽ തുടങ്ങി വൈഗ ഐ പി എസ് ലൂടെ സഞ്ചരിച്ച് അനിയത്തീ ,നിനക്കായിലെത്തുമ്പോൾ ഇത്രത്തോളം ഹൃദ്യമായി ഒരു നോവലിലൂടെ കമല ഗോവിന്ദ് വായന ലോകത്തെ അമ്പരിപ്പിക്കുന്നു .

Pooja SP
9A

# GALILEO GALILEI

Galileo Galilei {February 15,1564-January 8 1642} was an italian physicist,astronomer and philosopher.350 year after his death,galileo is still among the greatest scientist in the world.He was the first to prove that many old belifs about nature are wrong. Michel it art published,a short historyof the hundred most influential people in the world history.twelth place in this list belongsto galileo.while galileo didn't invernt the telescope and wasn't the first to use one for celestial. Observations,his work undeniably marked a turning point in the history of science. galileo's discoveries,particularly his support for the copernican model of the solar system, brought him into conflict with the roman catholic church.

Devanadha k
- 8D

# ഒരു മൂന്നാർ യാത്ര

ഓരോ യാത്രയും ഒരുപാട് പുതിയ കാഴ്ചകളും അനുഭവങ്ങളുമാണ് ഓരോ വട്ടവും നമുക്ക് സമ്മാനിക്കുന്നത്. ഒരുപാട് നാളത്തെ ഞങ്ങളുടെ ആഗ്രഹമായിരുന്നു പ്രകൃതിയെ തൊട്ടറിഞ്ഞ് ഒരു യാത്ര. അതുകൊണ്ട് ഞങ്ങൾ മൂന്നാറിലേക്ക് പോകാൻ തീരുമാനിച്ചു.

മനസ്സിൽ നിന്ന് മായ്ക്കാൻ സാധിക്കാത്ത അനവധി ഓർമകളാണ് മൂന്നാർ എനിക്ക് സമ്മാനിച്ചത്. കേരളത്തിലെ ഇടുക്കി ജില്ലയിൽ സ്ഥിതിചെയ്യുന്ന സുന്ദരമായ പർവത പ്രദേശമാണ് മൂന്നാർ. എത്ര പോയാലും മതിവരാത്ത, പ്രകൃതിയുടെ മനോഹാരിത തുളുമ്പി നിൽക്കുന്ന സ്ഥലം. എവിടെ നോക്കിയാലും പച്ചപ്പ് നിറഞ്ഞ് നിൽക്കുന്നു. അതിനൊപ്പം മനസ്സ് കുളിരുന്ന തണുപ്പും . മനസ്സിനെ ഹൃദ്യമാക്കുന്ന പച്ചപ്പും ഹരിതാപയും കാറ്റുംകൊണ്ട് സമ്പന്നമായ പ്രദേശമാണ് മൂന്നാർ. കോടമഞ്ഞും കണ്ണെത്താദൂരത്തോളം വ്യാപിച്ചുകിടക്കുന്ന മലനിരകളും തേയിലത്തോട്ടങ്ങളും കൊണ്ട് ക്യാൻവാസിൽ പകർത്തിയ മനോഹര ചിത്രം പോലെയാണ് മൂന്നാറിനെ എനിക്ക് തോന്നിയത്. പച്ചപ്പിൻ മുകളിലായി കുടനിവർത്തിയപോലെ നീലാകാശവും പച്ചക്കടലുപോലെ മലനിരകളും ഇളം കാറ്റിൽ തലയാട്ടി നിൽക്കുന്ന വൻമരങ്ങളും മനസ്സിനെ മാസ്മരികലോകത്ത് ചെന്നെത്തിക്കുന്നു. ചുവന്ന പട്ടുടുത്ത് സന്ധ്യ മലനിരകൾക്ക് മുകളിൽ പടരുമ്പോൾ പൊൻകിരണങ്ങൾ വന്നെത്തുന്നതുമെല്ലാം മനസ്സിനെ മനോരഞ്ജിതമാക്കുന്ന ദൃശ്യങ്ങളാണ്. ഇങ്ങനെ ഒട്ടനവധി ദൃശ്യാനുഭവങ്ങളാണ് മൂന്നാർ എനിക്ക് സമ്മാനിച്ചത്.

നിഹാര ദാസ്
9E

# എന്റെ കേരളം

എനിക്ക് അഭിമാനമുണ്ട്. ഈ കൊച്ചു
മലയാളനാട്ടിൽ ജനിച്ചതിന്. വൃക്ഷങ്ങളും,
കാവുകളും നിറഞ്ഞ മലയാള നാട്
പീലിയും വിരിച്ചുനിൽകുന്ന മയിലിനെ
പോലെ അഴകുള്ളതാണെൻ നാട് കുയിലിന്റെ
നാദവും ,പുഴയുടെ ഓളവും  കൂടിക്കലർന്നൊരു
മനോഹരമായ നാദം കേട്ടുണരാം
നശിപ്പിക്കരുതേ മനുഷ്യരെ
ഈ പ്രകൃതിയാവുന്ന അമ്മയെ

**Karthika.S.Ravi**



## ദേശീയ ചിഹ്നങ്ങൾ

ദേശീയ പതാക :ത്രിവർണ്ണപതാക

ദേശീയ മുദ്ര :സിംഹ മുദ്ര

ദേശീയ ഗാനം :ജനഗണമന

ദേശീയ ഗീതം :വന്ദേമാതരം

ദേശീയ ഭാഷ :ഹിന്ദി

ദേശീയ കലണ്ടർ :ശകവർഷകലണ്ടർ

ദേശീയ പക്ഷി :മയിൽ

ദേശീയ മൃഗം :കടുവ

ദേശീയ പൈതൃകജീവി :ആന

ദേശീയ ജലജീവി :ഗംഗ ഡോൾഫിൻ

ദേശീയ പുഷ്പം :താമര

ദേശീയ കായിക വിനോദം : ഹോക്കി

# MILLETS- A SUPER FOOD OR DIET FAD

എന്താണ് ചെറു ധാന്യങ്ങൾ? പുല്ല് വർഗത്തിൽപ്പെട്ട 'പൊസിയ' കുടുംബത്തിലെ ധന്യ വിളകളാണ് ചെറുധാന്യങ്ങൾ അഥവാ മില്ലറ്റുകൾ. പണ്ട് കാലം മുതലേ മനുഷ്യരുടെ പ്രധാന ഭക്ഷണം ആയിരുന്നു മിലറ്റുകൾ.2600 BCമുതലേ മനുഷ്യൻ ചെറുധാന്യങ്ങൾ ഉപയോഗിച്ച് തുടങ്ങി. ഇന്ന് ഏഷ്യയിലേക്കും ആഫ്രിക്കയിലേക്കും വികസ്വര രാജ്യങ്ങളിലേക്കും ഇവ വ്യാപകമായി ഉപയോഗിക്കുന്നു.ഒരു കാലത്തു നമ്മുടെ പാടങ്ങളിൽ ഇവ വിളഞ്ഞിരുന്നു.എന്നാൽ ഹരിതവിപ്ലവത്തിൽ ഗോതമ്പിനും ,മറ്റു ധാന്യങ്ങൾക്കും പ്രാധാന്യം നൽകിയതോടെ ചെറുധാന്യങ്ങളുടെ വിപണി കുറഞ്ഞെന്നാണ് കണക്കുകൾ പറയുന്നത്.കൂടാതെ സർക്കാരിന്റെ സബ്സിഡി ഇല്ലായ്മയും, മറ്റു രുചികൾ തേടിയുള്ള യാത്രകളും ചെറുധാന്യങ്ങളുടെ ജനപ്രീതി കുറയാൻ കാരണമായി.

ഇന്ന്, ലോകം നേരിടുന്ന പ്രധാന പ്രശ്നമാണ് കാലാവസ്ഥ വ്യതിയാനം, ഇത്തരം അവസ്ഥയിൽ ഏത് കാലാവസ്ഥയെയും അതിജീവിക്കാനുള്ള അവയുടെ കഴിവ് ചെറുധാന്യങ്ങളുടെ പ്രാധാന്യം ഉയർത്തുന്നു.ചെറുധാന്യങ്ങളുടെ ഉത്പാദനവും ഉപഭോഗവും വർധിപ്പിക്കാനും,അവബോധം സൃഷ്ടിക്കാനുമായി 2023 ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ആചരിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ ചെറുധാന്യം ഉൽപ്പാദിപ്പിക്കുന്നതും കയറ്റുമതി ചെയ്യുന്നതും ഇന്ത്യയാണ്.പ്രതിവർഷം 120 ലക്ഷം ടൺ ധാന്യമാണ് ഉൽപ്പാദിപ്പിക്കുന്നത്.ഇന്ത്യയിലേറ്റവും കൂടുതൽ മില്ലറ്റ് ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ് രാജസ്ഥാൻ.

ഫിംഗർ മില്ലറ്റ്,പ്രോസോ മില്ലറ്റ്,പേൾ മില്ലറ്റ്,ഫോക്സ്റ്റൈൽ മില്ലറ്റ്,സോർഗ്ഗം,കോഡോ മില്ലറ്റ്, ബെർണ്യാഡ് മില്ലറ്റ് എന്നിവയാണ് ഇന്ത്യയിൽ കൃഷി ചെയ്യുന്ന പ്രധാന മിലെറ്റുകൾ.ഇന്ത്യയിലെ ചെറുധാന്യ ഉൽപ്പാദനത്തിൽ 60% പേൾ മില്ലറ്റ് അഥവാ ബജ്റ ആണ്.

അരി,ഗോതമ്പ് പോലുള്ള ധാന്യങ്ങളേക്കാൾ പതിന്മടങ്ങ് ഔഷധഗുണമുള്ളതാണ് മില്ലറ്റുകൾ.കാൽസിയം,ഇരുമ്പ് തുടങ്ങിയ ധാതു ലവണങ്ങളാൽ സമ്പന്നമായ മില്ലറ്റുകളിൽ നിയാസിൻ,വിറ്റാമിൻ A,B complex എന്നിവയും അപൂരിത കൊഴുപ്പും ധാരാളമായി അടങ്ങിയിട്ടുണ്ട്.

ചെറുധാന്യങ്ങളിലെ നാരുകളുടെ സാന്നിധ്യം ദഹനവ്യവസ്ഥയും ശരീരഭാരം നിയന്ത്രിക്കാനും സഹായിക്കുന്നു. കൂടാതെ കൊളസ്ട്രോൾ,ഹൃദ്രോഗസാധ്യത എന്നിവയെ കുറയ്ക്കുന്നു. ചെറുധാന്യങ്ങൾ, 'ഗ്ലൂട്ടൻരഹിത'മായതിനാൽ സീലിയാക്ക് രോഗികൾക്കും, അലർജി ,ആമാശയ സംബദ്ധമായ രോഗങ്ങൾ ഉള്ളവർക്കും ഇതൊരു അനുഗ്രഹമാണ് . കൂടാതെ മിലൈറ്റുകൾ type -2 പ്രമേഹരോഗികൾക്ക് മികച്ച ഭക്ഷണമാണ്.

ഇവയിൽ കാൽസ്യം,പൊട്ടാസ്യ,ഇരുമ്പ്,തുടങ്ങിയ ധാതുലവണങ്ങൾ അടങ്ങി യിരിക്കുന്നതിനാൽ വാത രോഗികൾക്ക് എല്ലുകൾ ബലപ്പെടുത്താനും നീർക്കെട്ട് കുറയ്ക്കാനും മില്ലറ്റുകൾ ശീലമാക്കാം. ഇതിലടങ്ങിയ നിയസിൻ എൻസൈം പ്രതിപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. ചെറുധാന്യങ്ങൾ ജീവിതശൈലി രോഗങ്ങളെ ചെറുത്തുനിർത്തുന്നു. വ്യത്യസ്ത തരം ചെറുധാന്യങ്ങളിലെ പോഷകങ്ങളുടെ അളവ് നോക്കാം . ഹീമോഗ്ളോബിനിലെ പ്രധാന ഘടകമായ ഇരുമ്പ് ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്നത് പേൾ മില്ലറ്റ് അഥവാ കമ്പത്തിലാണ്. എല്ലിന്റെയും പല്ലിന്റെയും വളർച്ചയെ സ്വാധീനിക്കുന്ന കാൽസ്യം കൂടുതൽ അടങ്ങിയിരിക്കുന്നത് ഫിംഗർ മില്ലറ്റിലാണ് .

ദഹന വ്യവസ്ഥയെ  സ്വാധീനിക്കുന്ന നാരുകൾ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്നത് ബെർണിയാർഡ് അഥവാ കുതിരവാലിയിലാണ്.ശരീര വളർച്ചയെ സ്വാധീനിക്കുന്ന പ്രോട്ടീൻ അഥവാ മാംസ്യം  കൂടുതൽ അടങ്ങിയിരിക്കുന്നത് പ്രോസോ മില്ലറ്റിലാണ് .
ചെറുധാന്യങ്ങളെ  അവയുടെ വലുപ്പത്തിനനുസരിച്ച് മേജർ മില്ലറ്റ് എന്നും മൈനർ മില്ലറ്റെന്നും തരം തിരിച്ചിരിക്കുന്നു.ഇന്ത്യയിലെ പ്രധാന മൈനർ മില്ലറ്റുകളാണ് തിന ,വരക് ,ചാമ, കുതിരവാലി, പനിവരക് .  ഇവ ഉയർന്ന ഊർജം പ്രധാനം ചെയ്യുന്നു. ഇന്ത്യയിൽ കൃഷിചെയ്യുന്ന മേജർ മില്ലറ്റുകളാണ് ജോവർ,ബജ്റ,റാഗി എന്നിവ.
ചെറുധാന്യങ്ങളുടെ ഉത്പാദനവും ഉപഭോഗവും  വർധിപ്പിക്കാനും പോഷകാഹാര സുരക്ഷാ ഉറപ്പുവരുത്താനുമായി 2022കേന്ദ്ര കൃഷി മന്ത്രലയം ദേശിയ ചെറുധാന്യ വർഷമായി ആചരിച്ചു. ഹൈദരാബാദിലെ IIMR മില്ലറ്റ് ഗവേഷണം ഏകോപിപ്പിച്ചു. പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കുന്നതിനുമായി 2018 കേരളത്തിലെ അട്ടപ്പാടി ചെറുധാന്യ ഗ്രാമമായി പ്രഖ്യാപിച്ചു..
പുലാവ്,കുക്കീസ്, ദോശ,ഉപ്മാവ്,പായസം തുടങ്ങിയ വിവിധങ്ങളായ മില്ലറ്റ് വിഭവങ്ങളും എന്തിന് മില്ലറ്റ് സാധ്യ പോലും ഇന്ന് രംഗത്തുവന്നു.

KRISHNEDHU DS
9C

# ഓർമ്മതൻ വഴിയിൽ

ഓർമ്മതൻ വഴിയിൽ
പിരിഞ്ഞുപോയ സ്ക്രൂളും
ജീവിതം മാസ്ക് കീഴടക്കിയനാളുകളും
കുഞ്ഞനായ കോവിഡ്
ഒത്തിരി വീരൻ തന്നെ
സ്ക്രൂൾ ഒരുനോക്ക് കാണാൻ
കൊതിച്ച് കൊതിച്ച് നിന്നദിവസം
ഓർക്കുന്നു ഞാനിന്നും
മനസ്സിൽ മായാതെ
ഓർമ്മയായി നിൽക്കുന്നു
ഇന്നും ഈ വിദ്യാലയം.
അക്ഷരം പഠിക്കാൻ പോവുന്ന
കുട്ടിയടക്കം മാടുന്നു
പിരിഞ്ഞിപോയ സ്ക്രൂൾ നാളുകൾ
ഇനിയും വരില്ലയോ?
ആരുമാരും കാണാ കണ്ണീരായ്
കരയുകയാണോ സ്ക്രൂൾ ക്ലാസുകളും
വീട്ടിലിരുന്നുള്ള ക്ലാസുമായി
മുന്നോട്ടു ചുവടുവയ്ക്കുകയാണവർ
കുടയുംചൂടി വെള്ളവും
തെറിപ്പിച്ച് പോയ നാളുകൾ ...
ഈ നാളുകൾ കടന്നുപോകുമോ
കോവിഡ് മാറിനിൽക്കുമോ
കുഞ്ഞനായ കോവിഡ്
ഒത്തിരി വീരൻ തന്നെ!!!

# അനുഭവക്കുറിപ്പ്

സൂര്യകിരണങ്ങൾ തുറന്നിട്ട ജാലകത്തിനുള്ളിലൂടെ വീടിനകത്ത് പതിച്ചു. ഞാൻ ഉറക്കത്തിനോടും സ്വപ്നലോകത്തോടും തൽക്കാലം വിടപറഞ്ഞ് മിഴികൾ തുറന്നു. ദിനചര്യകൾക്കു ശേഷം ഞാനാദ്യം തന്നെ ബാപ്പായുടെ അടുത്തേക്ക് പോയി. "എപ്പഴാ നമ്മള് തോട് കാണാൻ പോവുന്നേ" ഞാൻ ചോദിച്ചു. "ഞാ പോകണം" മറുപടി വന്നു.

ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ വീട്ടിൽ നിന്നിറങ്ങി. സന്തോഷവും ജിജ്ഞാസയും ഒക്കെ നിറഞ്ഞ മനസ്സുമായി തോടിനടുത്തേക്ക് നടന്നു. അവിടെ എത്തിയതറിഞ്ഞില്ല.തോടിനടുത്തെത്തി-യപ്പോൾ എന്റെ കണ്ണുകൾ വിടർന്നു. എന്റെ നടത്തത്തിന് വേഗം കൂടി.

വിവിധ തരം മത്സ്യങ്ങൾ വെള്ളത്തിലൂടെ നീങ്ങുന്നത് ഞാൻ കൗതുകത്തോടെനോക്കിനിന്നു. ചില മത്സ്യങ്ങൾ ജലത്തിലെ ചെറുസസ്യങ്ങളെ ആഹാരമാക്കുന്നതു കണ്ടു. 'കൂട്ടുകാരും വന്നിരുന്നെങ്കിൽ'എന്ന് ഞാനൊന്നാഗ്രഹിച്ചു പോയി.ചെറുമീനുകൾ കൂട്ടത്തോടെ നീങ്ങുന്ന കാഴ്ച്ച അതിമനോജ്ഞമാണ്.

ഞങ്ങൾ കയ്യിലെ തോർത്തെടുത്ത് അവയെ പിടിക്കാൻ ശ്രമിച്ചു. കിട്ടിയവയെ ഒരു കുപ്പിയിലാക്കി മടങ്ങുമ്പോൾ തോടിൻറെ മനോഹരചിത്രം എൻറെ മനസ്സിൽ തെളിഞ്ഞുനിന്നു.

ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ ഉണ്ടായ ഈ അനുഭവം ഞാൻ ഇപ്പോഴും ഓർക്കുന്നു.

# ഹരിതചിത്രം

ഹരിതവർണ്ണങ്ങൾ നിറഞ്ഞുനിൽക്കും
ഭൂമിയാം ആൽബചിത്രങ്ങളെ
കരിനിഴൽ വീഴാതെ കാത്തുകൊൾക
കെടുതിയിൽ തണലായ് നിന്നീടുക.

പുലരിതൻ പുഞ്ചിരിപ്പൂക്കളുമായ്
പുലരൊളിയൊരുവേള വന്നിടുമ്പോൾ
പുതിയ പ്രതീക്ഷകളേകീടുന്നു .
പുതുമയാം സൗരഭ്യം നിറഞ്ഞീടേണം

കേരങ്ങൾ നദികൾമലർ തിങ്ങിനിൽക്കു
വയലുകൾ പാടങ്ങൾ മലനിരകൾ
കുയിലിന്റെ കുഴൽനാദം
മയിലുകൾ മാനുകൾ മേഞ്ഞിടും പുൽമേടുകൾ

ചന്തമേറും കാഴ്ച മങ്ങിടുന്നോ?
കൊടുംക്രൂരഹത്യയിൽ മുഴുകിടുന്നു
സ്നേഹം മരവിച്ചു നോക്കിനിൽക്കെ
മോഹങ്ങൾ ബാക്കിയായ് യാത്രയായോ?

അമ്മതൻ അശ്രുവാൽ ചിത്രമെല്ലാം
മാഞ്ഞിടുന്നോ അതോ കീറിടുന്നോ
ഈ ആൽബചിത്ര താളുകളിൽ
ഹരിതവർണ്ണങ്ങൾ നിറഞ്ഞിടട്ടെ

ശ്രേയ ആർ

# മാഗസിൻ പ്രവർത്തനങ്ങൾ







# FITNESS CENTER

